വേണ്ട നടപടികളാണ് സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പകരം നല്ലയിനം തെങ്ങിൻതൈകൾ വച്ചു പിടിപ്പിക്കുന്നതിനുമുള്ള സഹായവും നൽകിവരുന്നു. കൂടാതെ പമ്പു സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തിയും ശാസ്ത്രീയമായി വളപ്രയോഗം നടത്തിയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും എടുത്തുവരികയാണ്.

(15) സാലി വധക്കേസ് പോലീസന്വേഷണത്തിൻമേലുള്ള കമ്മീഷൻ റിപ്പോർട്ട്

ശ്രീ. കാനം രാജേന്ദ്രൻ: സർ, കോട്ടയം ജില്ലയിൽപ്പെട്ട കാഞ്ഞിരംപാറ ഓലിക്കൽ സാലി വധക്കേസിനെ സംബന്ധിച്ചിടത്തോളം പോലീസ് അന്വേഷണത്തിന്റെ അപാകതകൾ പരിശോധിക്കുന്നതിനുവേണ്ടി, ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. ആ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒരുവർഷത്തിലധികമായി. ഈ സഭയിൽത്തന്നെ രണ്ട് സബ്മിഷനുകളിൽക്കൂടി, ഇതിനു മുൻപും ഞാൻ ആ വിഷയമുന്നയിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ടിൽ പ്രാഥമികാന്വേഷണത്തിൽ പോലീസ് കുറ്റകരമായ അനാസ്ഥ കാണിച്ചിട്ടുണ്ടെന്ന്. എഴുതിയിട്ടുള്ളതായിട്ടാണ് മനസിലാക്കാൻ കഴിഞ്ഞത്. കുറ്റവാളികളെ രക്ഷിക്കുന്നതിനുവേണ്ടി, കഴിഞ്ഞ ഒന്നരവർഷക്കാലമായിട്ടും അതിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിന് അടിയന്തിരമായി ഗവൺമെന്റ് ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ആ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ എടുക്കുന്നതിന് മുൻപായി നിയമപരമായ ഉപദേശംതേടി, ആദ്യത്തെ റിപ്പോർട്ട് കോടതിയിൽ കൊടുത്തതിനുശേഷം മാത്രമേ ഗവൺമെന്റ് തീരുമാനം പ്രഖ്യാപിക്കാൻ പാടുള്ളുവെന്ന് പറഞ്ഞുകൊണ്ടുള്ള താമസമാണ്. ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് കൊടുക്കാനും തീരുമാനം പ്രഖ്യാപിക്കണമെന്നുമാണ് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്.

(16) കോഴിക്കോട് ജില്ലയിൽ വില്ലേജ് ഹൗസിംഗ് പ്രോജക്ട് പ്രകാരം നൽകിയ ലോൺ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകൽ

ശ്രീ. കെ. പി. രാമൻ: സർ, 1964-ൽ കോഴിക്കോടു ജില്ലയിലെ പല പഞ്ചായത്തുകളിലും ധാരാളംപേർക്ക് വില്ലേജ് ഹൗസിംഗ് പ്രോജക്ട് പ്രകാരം ലോൺ അനുവദിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ കുന്നമംഗലം, ചാത്തമംഗലം, മാവൂർ എന്നീ പഞ്ചായത്തുകളിലുള്ളവരാണ് ഈ ലോൺ വാങ്ങിയത്. 2,000, 3,000, 4,000 രൂപ വീതമാണ് ഓരോരുത്തർക്കും അനുവദിച്ചത്. കളക്ടർ അനുവദിച്ചഫണ്ട് ബ്ലോക്ക് മുഖേനയാണ് വിതരണം ചെയ്തത്. ഈ സ്കീം ലോക ബാങ്കിന്റെ (World Bank) സഹായത്തോടുകൂടിയായിരുന്നു. ഇതിന് ഈടാക്കുന്ന പലിശ പഞ്ചായത്തുകളുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കണമെന്നായിരുന്നു. ഉദ്ദേശിച്ചിരുന്നതെങ്കിലും അത് സാധിച്ചില്ല. എന്നാൽ പലർക്കും വാങ്ങിയസംഖ്യ തിരിച്ചടയ്ക്കാൻ ഇതുവരെ സാധിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയസംഖ്യയുടെ ഇരട്ടിയിലധികം തിരിച്ചടയ്ക്കുന്നതിനു വേണ്ടി യുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. Revenue Recovery നടപടി സ്റ്റേ ചെയ്തിരുന്നുവെങ്കിലും അതിന്റെ സമയം ഇന്നത്തോടുകൂടി തീരുക യാണ്. അതുകൊണ്ട് പലിശ ഒഴിവാക്കി, ആ ലോൺ വാങ്ങിയ തുക ഗഡു ക്കളായി തിരിച്ചടയ്ക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ ജോസഫ്) : സർ, വായ്പ കൊടുത്താൽ അത് തിരിച്ചുവാങ്ങാതിരുന്നാൽ ഒരു ഹൗസിംഗ് സ്കീമുകളും നടപ്പാകുകയില്ല. ഇതിന്റെ റവന്യൂ റെക്കവറി നടപടികളും താൽക്കാലിക മായി സ്റ്റേ ചെയ്തിരുന്നു. ഏതെങ്കിലുംനിലയിൽ ഈ തുക ഗഡുക്ക ളായി തിരിച്ചടയ്ക്കുവാനുള്ള ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്. അതി നുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(17) കെട്ടിട നിർമ്മാണത്തൊഴിലാളികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും

ശ്രീ. എ. സി. ജോസ് : സർ, ഈ രാജ്യത്തെ കെട്ടിട നിർമ്മാണത്തൊഴി ലാളികളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് ഞാനീസഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ, കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി, ഒരു ക്ഷേമ നിധി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പക്ഷേ നിർഭാഗ്യവശാൽ ബഡ്ജറ്റിൽ അതിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. കെട്ടിട നിർമ്മാണത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ബുദ്ധി മുട്ടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു കമ്മീഷനെ വയ്ക്കുകയും ആ കമ്മീഷന്റെ റിപ്പോർട്ട് ഇവിടെ വരുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ തയ്യാറാകണം. അതിനു അനുസൃതമായിട്ടുള്ള നിയമനടപടികളും, എന്തെല്ലാം ബുദ്ധിമുട്ടു കളുണ്ടെങ്കിലും ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം അക്കാര്യത്തിൽ ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, മഹാബലറാവുക്കമ്മീഷന്റെ റിപ്പോർട്ട് വരികയും അത് പരിഗണിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഒരു ബില്ല് ഡ്രാഫ്റ്റ് ചെയ്യുകയുമുണ്ടായി. അത് ലാ ഡിപ്പാർട്ടുമെന്റ് പരിശോധിച്ച്, ചില Policy decision-ന് വേണ്ടി, അത് ഗവൺമെന്റിലേക്ക് അയയ്ക്കുകയും തീരുമാനമെടുത്ത് അത് വീണ്ടും ലാ ഡിപ്പാർട്ടുമെന്റിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അത് ബില്ലാക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്.

(18) തളിപ്പറമ്പ നിയോജകമണ്ഡലത്തിലെ വരഡൂൽ പാലത്തിന്റെ നിർമ്മാണം

ശ്രീ. സി. പി. മുസ്സാൻ കുട്ടി : എന്റെ നിയോജകമണ്ഡലത്തിലുള്ള വരഡുൽപ്പാലം അടിയന്തിരമായി പണിയുന്നതിനെക്കുറിച്ചാണ് എനിക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുവാനുള്ളത്. താലൂക്ക് തലസ്ഥാനവുമായി ബന്ധപ്പെട്ട് താലൂക്ക് മുനിസിഫ് കോടതി, താലൂക്ക് ഹെഡ് ക്വാർടേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly